# 3. Rebekah (റിബേക്ക)



പഴയനിയമ കാലത്തുള്ളവരിൽ ഏകപുരുഷന്റെ ഏകഭാര്യാ പദവി ലഭിച്ച ഭാഗ്യവതിയാണ് റിബേക്ക. അബ്രഹാം തന്റെ മകനായ യിസഹാക്കിന് ഒരു ഭാര്യയെ കണ്ടെത്തുവാൻ ചാർച്ചക്കാരുടെ അടുക്കലേക്ക് അയച്ചത് തന്റെ വീട്ടിൽ മൂപ്പനും , തനിക്കുള്ളതിനൊക്കെയും വിചാരകനുമായ ദാസനെ ആയിരുന്നു.സ്വർഗ്ഗത്തിനും ഭൂമിയ്ക്കും ദൈവമായ യഹോവയുടെ നാമത്തിൽ സത്യം ചെയ്യിച്ചാണ് ദാസനെ അയച്ചത്.

ദാസൻ കണ്ടെത്തിയ ഈ പെൺകുട്ടിയുടെ പ്രത്യേകതകൾ

1. അദ്ധ്വാനശീലയായ പെൺകുട്ടി-- ഉല്പ:(24:15)
2. കളങ്കിതമല്ലാത്ത ശരീരത്തിനുടമയായ അതിസുന്ദരി --ഉല്പ:(24:16)
3.മറ്റുള്ളവരുടെ ആവശ്യം അറിഞ്ഞ് സഹായിക്കുന്നവൾ
-ഉല്പ:(24:17-20)
4. യജമാനന്റെ മകനുവേണ്ടിയുള്ള പെൺകുട്ടിയെ ദാസൻ നിശ്ചയിച്ചതിനടയാളമായ പൊൻവളകളും ,മുക്കൂത്തിയും സമ്മാനമായി ലഭിച്ചവൾ ആയിരുന്നു റിബേക്ക.

ഉല്പ:(24:32),സദൃ:(25:12)

(വിവാഹ നിശ്ചയ സമയത്ത് ചിലർ ഇന്ന് മോതിരം കൈമാറുന്നതു പോലെ)

5. ആദിത്യ മര്യാദ അറിയാവുന്ന ഈ പെൺകുട്ടി പൊങ്ങച്ചമോ, ഇല്ലായ്മയോ പറയാതെ ഉള്ളത് ഉള്ളതുപോലെ പറയുന്നവളും ,പറഞ്ഞത് ചെയ്യുന്നവളുമായിരുന്നു. --ഉല്പ:24:25)

6. താൻ കണ്ടുമുട്ടിയ ആളെപ്പറ്റിയും തനിക്കു ലഭിച്ച സമ്മാനങ്ങളെപ്പറ്റിയും വ്യക്തമായി , സത്യസന്ധമായി വീട്ടുകാരെ അറിയിച്ചു. താൻ കണ്ടുമുട്ടിയ ആൾ തന്നോട് പറഞ്ഞ കാര്യങ്ങളും , താൻ അദ്ദേഹത്തെ സഹായിച്ചതും അവൾ മറച്ചു വച്ചില്ല.

(ഇന്നത്തെ യുവതലമുറയ്ക്ക് നല്ല മാതൃകയാണിവൾ . കുഞ്ഞുങ്ങളേ ! സ്വയം എന്ന ചിന്തയുപേക്ഷിക്കുക. ദൈവത്തോടും , മാതാപിതാക്കളോടും ഒന്നും മറയ്ക്കരുത് . ദൈവം സകലവും കാണുന്നു, അറിയുന്നു.)

7. ഏതു കാര്യവും ശ്രദ്ധിക്കുന്ന പെൺകുട്ടി ആയിരുന്നു. ദാസൻ യജമാനനെപ്പറ്റി പറയുന്ന വാക്കുകൾ കേട്ട് വീട്ടുകാർ വിവാഹത്തിന് അനുവാദം നൽകിയപ്പോൾ തന്റെ ഉറച്ചതീരുമാനവും സത്യസന്ധമായി അവൾ അറിയിച്ചു.---ഉല്പ:(24:51,57-58)

8. വീട്ടുകാരുടെ അനുഗ്രഹാശിസ്സുകളോടെയാണ് ഇവൾ സ്വന്തം വീട്ടിൽ നിന്ന് പുറപ്പെട്ടത്-ഉല്പ(24:59-61)

(ദൈവാനുഗ്രവും, മാതാപിതാക്കളുടെ അനുഗ്രഹവും ലഭിച്ചതിനു ശേഷം കുടുംബജീവിതത്തിനൊരുങ്ങുക)

9.സാഹചര്യം മനസ്സിലാക്കി ബുദ്ധിപരമായി പ്രവർത്തിപ്പാൻ ശ്രദ്ധിച്ചിരുന്നു. വെളിമ്പ്രദേശത്ത് ധ്യാനിപ്പാൻ വന്ന യിസഹാക്കിനെ കണ്ടപ്പോൾ ഒട്ടകപ്പുറത്തു നിന്നും ഇറങ്ങി മൂടുപടം ഇട്ടത് അതുകൊണ്ടാണ്.

(അബ്രഹാം പിതാവാം ദൈവത്തിന്റെയും, യിസഹാക്ക് പുത്രനാം ദൈവത്തിന്റെയും, ദാസനായ എലെയാസർ പരിശുദ്ധാത്മാവിന്റെയും , റിബേക്ക, സഭയുടേയും പ്രതീകമാണ്. മണവാട്ടിയെ കണ്ടെത്തുന്ന ശ്രമകരമായ ജോലി നിശ്ചിതസമയത്തിനുള്ളിൽ പൂർത്തിയാക്കുന്ന പരിശുദ്ധാത്മാവ് പിതൃസന്നിധിയിൽ മടങ്ങിയെത്തും. ഈ കാലയളവാണ് കൃപായുഗം. യിസഹാക്കിന്റെ അടുക്കൽ റിബേക്കയെ എത്തിച്ചതു പോലെ നിർമ്മല കന്യകയായി സഭയാകുന്ന മണവാട്ടിയേയും മണവാളനെ ഏല്പിക്കുവാൻ പരിശുദ്ധാത്മാവ് ശക്തനത്രെ. യിസഹാക്ക് റിബേക്കയെ കൂട്ടികൊണ്ടുപോയതുപോലെ നമ്മുടെ മണവാളനും വരും. നാം നിത്യതയിൽ അവനോടൊപ്പം വസിക്കുകയും ചെയ്യും.)

# റിബേക്കയുടെ പരാജയം

മച്ചി ആയിരുന്ന ഭാര്യയ്ക്കുവേണ്ടി യിസഹാക്ക് പ്രാർത്ഥിച്ചപ്പോൾ പ്രാർത്ഥന കേട്ട ദൈവം രണ്ട് മക്കളെ നൽകി കൂടാതെ മൂത്തവൻ ഇളയവനെ സേവിക്കും എന്ന മുന്നറിയിപ്പും നൽകി.വിഭിന്ന അഭിരുചിയുള്ള  മക്കളെ ഒരുപോലെ സ്നേഹിപ്പാനും ദൈവത്തിനായി വളർത്തുവാനും അവർക്കു കഴിഞ്ഞില്ല. കാട്ടിറച്ചി പ്രീയനായ അപ്പൻ മൂത്തമകനായ ഏശാവിനെ സ്നേഹിച്ചപ്പോൾ , ദൈവീക തിരഞ്ഞെടുപ്പുള്ളവനെ അമ്മ സ്നേഹിച്ചു. മകനുവേണ്ടി ചതിവും , വഞ്ചനയും ചെയ്ത സ്വന്തം അമ്മ കണ്ണുകാണാത്ത ഭർത്താവിനേയും ,മൂത്തമകനെയും ചതിച്ച് , ചതിയുടെ ഉസ്താദായ ലാബാന്റെ അടുക്കൽ യാക്കോബിനെ എത്തിച്ചതും അമ്മ തന്നെയാണ്. ഒരു വടിയോടുകൂടെ മാത്രം യോർദ്ദാൻ കടന്ന മകനെ അമ്മ പിന്നെ കണ്ടിട്ടില്ല. അവൾ ചെയ്ത പ്രവർത്തിയുടെ തിക്തഫലം അനുഭവിച്ച് പുത്രദു:ഖം അനുഭവിച്ച് ദീർഘനാൾ ജീവിച്ചു. ഈ ദു:ഖം തന്നെയാവാം അവളുടെ മരണത്തിനും കാരണമായത്. പൂർവ്വ മാതാപിതാക്കളെ അടക്കിയസ്ഥലത്ത് റിബേക്കയേയും അടക്കി. നല്ല തുടക്കം പക്ഷേ ഒടുക്കം പരാജയവും. സഹോദരിമാരെ തുടക്കത്തേക്കാൾ ആത്മീയമായി വളരുന്നവരായി നിങ്ങൾ മാറുവാൻ ദൈവം സഹായിക്കട്ടെ

Read - ഉല്പ:(49:29-31)

Santhamma Varghese